LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ബൈപാസ് നിർമ്മാണം

46 [5025] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബൈപാസ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ആലപ്പുഴ ബൈപാസിന്റെ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ പണിക്ക് 6.7 കോടി രൂപയുടെ എസ്റ്റിമേറ്റിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ഡിവിഷന് സ്റ്റേറ്റ് ഹൈവേ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം

47 [5026] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിനായി കേന്ദ്രഗവൺമെന്റിൽനിന്ന് ലഭിച്ച തുകയിൽ കാസർഗോഡ് ഡിവിഷനു കീഴിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ തുക ഉപയോഗിച്ച് ജില്ലയിൽ ഹൈവേ വികസനത്തിനായി എന്തൊക്കെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) കേന്ദ്ര റോഡ് ഫണ്ടിൽനിന്നും കല്ലഡ്ക്ക-ചെർക്കള റോഡ് വികസനത്തിനായി 2003-2004-ൽ 650 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കണ്ണവം-കണ്ണങ്കോട് പി.ഡബ്ല്യു.ഡി. റോഡ് പുനരുദ്ധാരണം

48 [5027] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ആദിവാസി മേഖലയുമായി ബന്ധിപ്പിക്കുന്നതുമായ കണ്ണവം-കണ്ണങ്കോട് പി.ഡബ്ല്യു.ഡി. റോഡ് പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;